600 രൂപയായി നിശ്ചയിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് തൊഴിലാളികൾ നിയമസഭയ്ക്കുമുന്നിൽ ധർണ്ണ നടത്തുകയാണ്. വളരെ ജീവകാരുണ്യപരമായ സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ടൂറിസം വകുപ്പിനുകീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾ വളരെ നല്ല രീതിയിൽ പ്രവർത്തിക്കുന്നവരാണ്. അവരുടെ സംഭാവനകൾ വളരെ വലുതാണ്. ജീവൻ പണയം വച്ചുകൊണ്ടാണ് അവർ ജോലി ചെയ്യുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നയുടൻതന്നെ അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നടത്തിയിരുന്നു. ബഹുമാന്യനായ എം.എൽ.എ. ശ്രീ. വർക്കല കഹാർ ഉൾപ്പെടെ ആ ചർച്ചയിൽ പങ്കെടുത്തതാണ്. അന്നത്തെ തീരുമാനമനുസരിച്ച് നിലവിലുണ്ടായിരുന്ന അവരുടെ ദിവസ വേതനം മുന്നൂറ് രൂപയിൽനിന്നും നാന്നൂറ് രൂപയായി വർദ്ധിപ്പിച്ചു. എല്ലാവർക്കും ആനുപാതികമായ വർദ്ധനവ് നടത്തുകയുണ്ടായി. അതിനുശേഷവും വർദ്ധനവ് വേണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഫുഡ് അലവൻസ് അമ്പത് രൂപയിൽനിന്ന് നൂറ് രൂപയായി വർദ്ധിപ്പിച്ചു. അങ്ങനെ ഈ ഗവൺമെന്റ് വന്നശേഷം 150 രൂപയുടെ വർദ്ധനവ് ലൈഫ് ഗാർഡുകൾക്ക് നൽകിയിട്ടുണ്ട്. അതുപോരാ എന്നുള്ള അഭിപ്രായം ഗവൺമെന്റിനുമുണ്ട്. കൂടുതൽ വർദ്ധനവ് വരുത്തുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. ഇൻഷ്വറൻസ് കമ്പനിയുമായി ചർച്ച നടത്തി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

9. ടോൾ പിരിവ്

ശ്രീ. സി. പി. മുഹമ്മദ് : സർ, എന്റെ നിയോജകമണ്ഡലമായ പട്ടാമ്പിയിലെ പുലാമന്തോൾ പാലത്തിന്റെയും ഷൊർണ്ണൂരിലെ കൊച്ചി പാലത്തിന്റെയും പണി പൂർത്തിയായിട്ട് പതിനാല് വർഷമായി. പത്തു കോടി രൂപയിൽ താഴെ ചെലവുള്ള പാലങ്ങൾക്ക് ടോൾ പിരിവ് ഒഴിവാക്കാൻ ഗവൺമെന്റ് നയപരമായി തീരുമാനമെടുത്തതാണ്. എന്നാൽ പുലാമന്തോൾ പാലം പണിത കേരള റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷൻ സർക്കാരിനെക്കാളും വലിയ സ്ഥാപനമാണെന്നാണ് എനിക്ക് തോന്നുന്നത്. അവർ പറയുന്നത് ഞങ്ങൾക്ക് അത് ബാധകമല്ലെന്നാണ്. നാലഞ്ചു മാസം മുമ്പുള്ള സഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

ഉറപ്പുനൽകിയതായിരുന്നു. എന്നാൽ ഈ രണ്ട് പാലത്തിലും ഇതുവരെ ടോൾ പിരിവ് നിർത്തിയിട്ടില്ല. കഴിയുന്നത്ര വേഗത്തിൽ ഈ രണ്ട് പാലത്തിലെയും ടോൾ പിരിവ് നിർത്താൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ഷൊർണ്ണൂർ-കൊച്ചി പാലത്തിന്റെയും പുലാമന്തോൾ പാലത്തിന്റെയും ടോൾ പിരിവ് നിർത്തലാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട എം.എൽ.എ. 9-12-2014 -ന് ഉന്നയിച്ച സബ്മിഷന് ഈ പാലങ്ങൾക്ക് എത്ര തുക പിരിഞ്ഞുകിട്ടിയെന്ന് കണക്കാക്കിയശേഷം ടോൾ പിരിവ് നിർത്തുന്നതിനുള്ള നടപടി ആലോചിക്കാമെന്ന് മറുപടി നൽകിയിരുന്നു. ഇപ്പോൾ സർക്കാർ ഇക്കാര്യം പരിഗണിച്ചുവരികയാണ്. ആവശ്യമാണെങ്കിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഇതു സംബന്ധിച്ച യോഗം ചേരാനും ഡിപ്പാർട്ടുമെന്റ് തയ്യാറാണ്.

10. മരങ്ങൾ മുറിച്ചുമാറ്റൽ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, വളരെ അടിയന്തര പ്രാധാന്യത്തോടെ നടപടിയെടുക്കേണ്ട ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. അതേസമയത്ത് വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ട ഒരു വിഷയം കൂടിയാണ്. സംസ്ഥാനത്ത് വലിയ ഗതാഗതത്തിരക്കുള്ള സ്റ്റേറ്റ് നാഷണൽ ഹൈവേ മുതൽ ചെറുതും വലുതുമായ പി.ഡബ്ല്യു.ഡി. റോഡുകളിൽ വളർച്ച മുരടിച്ചതും കേടുപാടുകൾ ബാധിച്ച് ദുർബലാവസ്ഥയിൽ നിൽക്കുന്നതുമായ ധാരാളം മരങ്ങളുണ്ട്. രണ്ടാഴ്ച മുമ്പുണ്ടായ കാറ്റിലും മഴയിലുമായി നിരവധി മരങ്ങൾ വീഴുകയും നിരവധിയാളുകൾ മരിക്കുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ ഒരാൾ മരിക്കുകയും പന്ത്രണ്ടോളം പേർക്ക് പരിക്ക് പറ്റുകയും ചെയ്തു. ധാരാളം മരങ്ങൾ വാഹനങ്ങളുടെ മുകളിൽ വീണു. ഇത് വലിയൊരു ഭീഷണിയാണ്. ഈയിടെ കോതമംഗലത്ത് അഞ്ച് കുട്ടികൾ മരിക്കാനിടയായ സംഭവമുണ്ടായി. അതുപോലെ ഓടിക്കൊണ്ടിരുന്ന ബൈക്കിനുമുമ്പിൽ മരക്കൊമ്പ് വീണാണ് എന്റെ മണ്ഡലത്തിലെ ഷിനോജ് എന്ന യുവാവ് മരിച്ചത്. സംസ്ഥാനത്തെ പല ഭാഗങ്ങളിലും ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ ഇടയ്ക്കിടെയുണ്ടാകുന്നുണ്ട്. മരങ്ങൾ വച്ചുപിടിപ്പിക്കേണ്ടതും അത് സംരക്ഷിക്കേണ്ടതും നമ്മുടെ നിലനിൽപ്പിന്റെ ആവശ്യം തന്നെയാണ്. എങ്കിലും അപകടഭീഷണിയുള്ള മരങ്ങൾ മുറിച്ചു മാറ്റിയേ മതിയാകൂ. റോഡരികിൽ നിൽക്കുന്ന മരങ്ങളിൽ ഭൂരിഭാഗവും മഴമരങ്ങൾ എന്നറിയപ്പെടുന്ന, വളരെ പെട്ടെന്ന് പടർന്ന് പന്തലിച്ച് വളരുന്നതും വേരുകൾ അടിയിലേയ്ക്ക് ആഴ്ന്നിറങ്ങാതെ ഉപരിതലത്തോട് ചേർന്ന് പരന്നുകിടക്കുന്നതുമായ

LIBRARY ARCHIVES Kerala Legislative Assembly